തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 960/2025/ഡി1/അഡ്മിൻ 23.05.2025

## പുനർക്വട്ടേഷൻ നോട്ടീസ്

**തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - യു.പി.എസ്. ബാറ്ററികൾ ബൈബാക്ക് വ്യവസ്ഥയിൽ വിതരണം ചെയ്യുന്നതിന് പുനർക്വട്ടേഷനുകൾ ക്ഷണിക്കുന്നു**

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല ഭരണവിഭാഗഉപയോഗിച്ചു കൊണ്ടിരിക്കുന്ന 10KV യു.പി.എസിന്റെ 20 എണ്ണം 34AH ബാറ്ററികൾ തിരിച്ചെടുത്ത്, 20 എണ്ണം 34AH 12VRLA/SMF ബാറ്ററികൾ വിതരണം ചെയ്ത് സ്ഥാപിച്ച് യു.പി.എസ്. പ്രവർത്തനക്ഷമമാക്കുന്നതിന് താഴെ പറയുന്ന നിബന്ധനകളോടെ അംഗീകൃത വിതരണക്കാരിൽ/സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

നിബന്ധനകൾ

1. ജി.എസ്.ടി. നികുതി, ട്രാൻസ്പോർട്ടേഷൻ, ഇൻസ്റ്റലേഷൻ ചാർജ് എന്നിവയടക്കമുള്ള വിലയാണ് ക്വാട്ടു ചെയ്യേണ്ടത്. തിരിച്ചെടുക്കുന്ന ബാറ്ററികളുടെ വില പ്രത്യേകം കാണിക്കുകയും, ആയതു കുറച്ചതിനു ശേഷം സ്ഥാപനത്തിന് ലഭിക്കേണ്ട നികുതിയടക്കമുള്ള വിലയായിരിക്കണം ക്വട്ടേഷനിൽ കാണിക്കേണ്ടത്.

2. ബാറ്ററിയുടെ ബ്രാൻഡ്, വാറണ്ടി കാലാവധി എന്നിവ കാണിച്ചിരിക്കണം. ഏറ്റവും കുറഞ്ഞത് രണ്ട് (2) വർഷത്തെ ഓൺസൈറ്റ് വാറണ്ടി ഉണ്ടായിരിക്കണം.

3. ഒരു ബ്രാന്റ് മാത്രമേ ഒരു ക്വട്ടേഷനിൽ ക്വാട്ടു ചെയ്യാൻ പാടുള്ളു.

4. ബാറ്ററിയുടെ സർവീസുകൾ പരാതി ലഭിച്ച് 24 മണിക്കൂറിനുള്ളിൽ പരിഹരിച്ചിരിക്കണം.

5. ബാറ്ററി ഉൽപാദകരിൽനിന്നുള്ള ഡീലർഷിപ്പ് സർട്ടിഫിക്കറ്റ് ക്വട്ടേഷനൊപ്പം ഹാജരാക്കണം.

6. ബാറ്ററിയുടെ പ്രവർത്തനം മോശമെങ്കിൽ അവ എത്രയും പെട്ടെന്ന് മാറ്റി പകരം പുതിയ ബാറ്ററികൾ വിതരണം ചെയ്തു സമർപ്പിക്കേണ്ടതാണ്. അത്തരം അവസരത്തിൽ ബാറ്ററിയുടെ വാറണ്ടി, ബാറ്ററി മാറ്റിയ ദിവസം മുതലായിരിക്കും കണക്കാക്കുക. ബാറ്ററി വിതരണം ചെയ്ത് സ്ഥാപിക്കുന്നതിന്റെ ചെലവ് വിതരണക്കാരൻ തന്നെ വഹിക്കേണ്ടതാണ്.

7. ക്വട്ടേഷനുകൾക്ക് ഒരു വർഷത്തെ കാലാവധി ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ ക്വാട്ടു ചെയ്യുന്ന നിരക്കുകൾ ഒരു വർഷത്തേയ്ക്ക് ബാധകമായിരിക്കുന്നതാണ്.

8. ബാറ്ററികൾ വിതരണം ചെയ്ത് ഘടിപ്പിച്ച യു.പി.എസിന്റെ പ്രവർത്തനം പരിശോധിച്ച് തൃപ്തികരമായതിന്റെ ശേഷം മാത്രമേ തുക അനുവദിക്കുകയുള്ളൂ.

9. കാരണമൊന്നും കാണിക്കാതെ തന്നെ ക്വട്ടേഷനുകൾ നിരസിക്കുന്നതിനുള്ള അധികാരം വൈസ്ചാൻസലറിൽ നിക്ഷിപ്തമായിരിക്കും.

മേൽ കാണിച്ച നിബന്ധനകൾ പാലിച്ചുകൊണ്ട് ബാറ്ററികൾ വിതരണം ചെയ്തു കൊള്ളാമെന്നുള്ള സത്യപ്രസ്താവന ക്വട്ടേഷനൊപ്പം വെച്ചിരിക്കണം. മുദ്ര വച്ച ക്വട്ടേഷനുകൾ **30.05.2025 ന് ഉച്ചയ്ക്ക് 2 മണിക്ക്** മുമ്പായി സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം.

"യു.പി.എസ്. ബാറ്ററികൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ" എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ അന്ന് 3 മണിക്ക് തന്നെ തുറക്കുന്നതും, ഏറ്റവും കുറവ് സംഖ്യ ക്വാട്ട് ചെയ്ത സ്ഥാപനത്തിന് കരാർ ഉറപ്പിച്ച് നൽകുന്നതുമാണ്. ക്വട്ടേഷനുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും. കരാർ ലഭിക്കുകയാണെങ്കിൽ അനുമതി കത്ത് ലഭിച്ച് ഒരാഴ്ചയ്ക്കകം യു.പി.എസ്. ബാറ്ററികൾ വിതരണം ചെയ്ത് സ്ഥാപിക്കേണ്ടതാണ്

കൂടുതൽ വിവരങ്ങൾ ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

രജിസ്ട്രാർ ഇൻ ചാർജ്

വി.സി. കാര്യാലയം/പി.എ.ടു രജിസ്ട്രാർ/ഫിനാൻസ് വിഭാഗം/
മലയാളസർവ്വകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/
മലയാളസർവ്വകലാശാല വെബ്സൈറ്റ്/ഫ്രണ്ട് ഓഫീസ്/എസ്റ്റേറ്റ് ഓഫീസർ/
തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/
നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/ആഫീസ് രേഖ/കരുതൽ രേഖ